LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ചോദ്യം നമ്പർ-2

പി.എസ്.സി.യിൽ നടത്തിയ പരിഷ്ക്കാരങ്ങൾ

2 (*2) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എസ്.സി.യിൽ നടത്തിയ പരിഷ്ക്കാരങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) നിയമന തട്ടിപ്പുകൾ പുറത്തുവന്ന സാഹചര്യത്തിൽ വ്യാജ നിയമനങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) വയനാട് നിയമന തട്ടിപ്പു കേസുമായി ബന്ധപ്പെട്ട് എന്തെല്ലാം കരുതൽ നടപടികളാണ് സർക്കാർ തലത്തിൽ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ,

(എ) അനുബന്ധം-I ആയി ചേർത്തിരിക്കുന്നു†

(ബി) അനുബന്ധം-II ആയി ചേർത്തിരിക്കുന്നു†

(സി) കഴിഞ്ഞ പത്തു വർഷത്തിനകം സംസ്ഥാനത്ത് നടത്തിയ എല്ലാ നിയമനങ്ങളെ സംബന്ധിച്ചും ഒരു സമഗ്രമായ വെരിഫിക്കേഷൻ നടത്താൻ ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര വകുപ്പിൻ കീഴിൽ ഒരു സ്പെഷ്യൽ സെല്ലിനെ ചുമതലപ്പെടുത്തുവാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. കൂടാതെ ഭാവിയിൽ ഉണ്ടാകുന്ന എല്ലാ പി.എസ്.സി നിയമനങ്ങളിലും പോലീസ് വെരിഫിക്കേഷനു പുറമേ പി.എസ്.സി.യുടെ വെരിഫിക്കേഷൻ റിപ്പോർട്ടുംകൂടി വാങ്ങിയതിനു ശേഷമേ നിയമനങ്ങൾ റെഗുലറൈസ് ചെയ്യാവൂ എന്ന് എല്ലാ നിയമനാധികാരികളെയും ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ശ്രീ. എം. ഉമ്മർ : സർ, സംസ്ഥാനത്ത് നാൽപ്പതു ലക്ഷത്തോളം വരുന്ന യുവതീയുവാക്കൾ പി.എസ്.സി. മുഖേനയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും ജോലിക്ക് വേണ്ടി അപേക്ഷ കൊടുത്ത് പരീക്ഷ എഴുതി കാത്തു നിൽക്കുമ്പോൾ, സംസ്ഥാനത്തെ ഞെട്ടിപ്പിച്ചുകൊണ്ട് റവന്യൂ വകുപ്പിന്റെ ഉന്നതന്മാരുടെ അനുഗ്രഹാശിസ്സുകളോടുകൂടി വയനാട് ജില്ലയിലൊട്ടാകെ നടത്തിയിട്ടുള്ള നിയമന തട്ടിപ്പിനെ സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തുന്നതിനുവേണ്ടി, ഗവൺമെന്റിന്റെ ആത്മാർത്ഥത തെളിയിക്കുന്നതിനു വേണ്ടി, റവന്യൂ വകുപ്പുമന്ത്രിയെ മാറ്റിനിറുത്തി കേന്ദ്ര ഏജൻസിയെക്കൊണ്ട് അന്വേഷിപ്പിക്കുമോ ?

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എസ്.സി.യിൽ വളരെയധികം പരിഷ്ക്കാരങ്ങൾ നടത്തിയിട്ടുണ്ട്. പി.എസ്.സി. ബുള്ളറ്റിനിലെ എല്ലാ ലക്കങ്ങളിലും അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഉദ്യോഗാർത്ഥികൾക്ക്

†അനുബന്ധം I & II

LIBRARY ARCHIVES Kerala Legislative Assembly

എല്ലാ തസ്തികകളിലേയ്ക്കുമുള്ള അപേക്ഷകളും ഓൺ ലൈനായി അയയ്ക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പരീക്ഷയുടെ അഡ്മിഷൻ ടിക്കറ്റ് ഉദ്യോഗാർത്ഥികൾക്ക് സ്വയം ഡൗൺ ലോഡ് ചെയ്തെടുക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അഡ്മിഷൻ ടിക്കറ്റിൽ ഒട്ടിക്കുന്ന ഫോട്ടോ സംബന്ധിച്ച നിർദ്ദേശങ്ങൾ പരിഷ്ക്കരിച്ചു. പി.എസ്.സി. ഉദ്യോഗസ്ഥരെ പരീക്ഷാ കേന്ദ്രങ്ങളിലെ ചീഫ് സൂപ്രണ്ടുമാരായി നിയമിച്ച് പരീക്ഷാ നടത്തിപ്പിൽ പി.എസ്.സി.ക്ക് നേരിട്ടുള്ള മേൽനോട്ടം നൽകാൻ നടപടി സ്വീകരിച്ചു. കമ്പ്യൂട്ടറൈസേഷന്റെ മൂന്നാം ഘട്ടം പുരോഗമിക്കുന്നു. പരീക്ഷ കഴിഞ്ഞാലുടൻ തന്നെ ഉത്തര സൂചികകൾ പ്രസിദ്ധീകരിക്കുന്നു. ഉദ്യോഗാർത്ഥികളുടേയും വിദഗ്ദ്ധരുടേയും അഭിപ്രായങ്ങൾ സ്വീകരിച്ച് പരിശോധന നടത്തിയശേഷം അന്തിമ ഉത്തര സൂചിക പ്രസിദ്ധീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ മൂല്യ നിർണ്ണയം നടത്തുകയും ചെയ്യുന്നു. അപേക്ഷകർക്ക് തങ്ങളുടെ ഒ.എം.ആർ ഉത്തര പത്രിക നിശ്ചിത ഫീസ് അടച്ച് പകർപ്പ് നേടാവുന്നതാണ്. നിയമന പ്രക്രിയയിലെ കാലതാമസം ഗണ്യമായി കുറയ്ക്കുവാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തി. സെക്രട്ടേറിയറ്റ്, പി.എസ്.സി അസിസ്റ്റന്റ്, ബി.ഡി.ഒ. തുടങ്ങിയ ടെസ്റ്റുകളിൽ പ്രിലിമിനറി, മെയിൻ എന്നീ പരീക്ഷകൾക്കു ശേഷം ഇന്റർവ്യൂ നടത്തി സെലക്ഷൻ പൂർത്തിയാക്കുകയും ചെയ്തു. ഇതിനുമുമ്പ് ഉണ്ടായിട്ടുള്ളതിൽനിന്ന് വ്യത്യസ്തമായി എന്റെ സ്നേഹിതൻ വയനാട്ടിലെ കാര്യങ്ങൾ പറയുകയുണ്ടായി. വയനാട്ടിലെ കളക്ടറെ അടക്കം സസ്പെന്റ് ചെയ്തുകൊണ്ട് കർശനമായ നടപടികൾ സ്വീകരിച്ചത് കേരളത്തിലെ എല്ലാ ജനങ്ങളും മനസ്സിലാക്കിയിട്ടുള്ള കാര്യമാണ്. ഈ ഗവൺമെന്റിന്റെ ശക്തമായ നടപടികൾ പ്രതിഫലിപ്പിക്കുന്ന അത്തരം നടപടികൾ മനസ്സിലാക്കാതെ ഏതെങ്കിലും ഉദ്യോഗസ്ഥരെയോ മന്ത്രിമാരെയോ ആവശ്യമില്ലാതെ വിമർശിച്ച് പ്രശ്നങ്ങൾ കുഴയ്ക്കുന്നതിനുവേണ്ടിയുള്ള ശ്രമം നടത്തരുത്. ഈ പ്രശ്നത്തിൽ സമഗ്രമായ അന്വേഷണം നടത്തി. ഇത്തരം പ്രശ്നങ്ങൾ ഒഴിവാക്കാൻ രണ്ട് സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അതിനനുസരിച്ചുള്ള കാര്യങ്ങൾ നടന്നു കൊണ്ടിരിക്കുകയാണ്.

ശ്രീ. എം. ഉമ്മർ : സർ, എന്റെ ചോദ്യം വളരെ വ്യക്തമാണ്. അങ്ങ് മറുപടി പറഞ്ഞപ്പോൾ ആ ഭാഗം പറഞ്ഞില്ല. ഭരണകക്ഷി എം.എൽ.എ.മാരുടെ ഭാര്യമാർ അനധികൃതമായ രീതിയിൽ തൊഴിൽ നേടിയിട്ടുണ്ടെന്ന് പത്രത്തിൽ വന്നിരിക്കുകയാണ്. സംസ്ഥാനത്തെ ഉദ്യോഗസ്ഥരിൽ ഏതാണ് ഒറിജിനൽ, ഏതാണ് ഡൂപ്ലിക്കേറ്റ് എന്ന് അറിയുന്നതിനുവേണ്ടി ബന്ധപ്പെട്ട മന്ത്രിയെ മാറ്റിനിറുത്തി കേന്ദ്ര ഏജൻസിയെക്കൊണ്ട് ഒരു സമഗ്ര അന്വേഷണം നടത്തുമോ ? റവന്യൂ വകുപ്പുമന്ത്രിയെ മാറ്റിനിറുത്തി അന്വേഷിക്കുമോ എന്നാണ് അറിയാനുള്ളത്.

ശ്രീ. വി. എസ്. അച്യുതാനന്ദൻ : സർ, അത് ഞാൻ പറഞ്ഞ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബാബു എം. പാലിശ്ശേരി : സർ, ഡിപ്പാർട്ടുമെന്റ് ഹെഡ്സുകൾ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നില്ല എന്നുള്ളതാണ് ഗൗരവമായ പ്രശ്നം. പോലീസ് വകുപ്പിനകത്ത്, ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ ഒരിക്കൽ പറഞ്ഞതുപോലെ ഒഴിവുകൾ മുൻകൂട്ടി കണ്ട് അതും കൂടി കണക്കാക്കി പരീക്ഷയും നിയമനവും നടത്തുന്നതിനുവേണ്ടിയുള്ള ഒരു സംവിധാനം ഒരുക്കാൻ കഴിയുമോ ?

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : സർ, മുൻകൂട്ടിയായാലും പിന്നീടായാലും ഒഴിവുകൾ സംബന്ധിച്ച് മനസ്സിലാക്കിയാണല്ലോ പി.എസ്.സി. നിയമനങ്ങൾ നടത്തുന്നത് ? ഇവിടെ നമ്മുടെ പ്രശ്നം നിയമനങ്ങളുടെ കാര്യത്തിൽ അനധികൃതമായി നടന്ന ചില തട്ടിപ്പുകളെ സംബന്ധിച്ചാണ്. അക്കാര്യം ഗൗരവമായിത്തന്നെകണ്ട്, പത്ത് വർഷത്തോളം നടന്നിട്ടുള്ള നിയമന കാര്യങ്ങൾ പരിശോധിച്ചിട്ട്, അടുത്ത കാലത്ത് ഉണ്ടായിട്ടുള്ളതുമാത്രമല്ല, ഇത് തുടരുന്നുണ്ട്, ഇവരെല്ലാം രക്ഷപ്പെട്ട് പോകുന്നുണ്ട് എന്നുള്ള കാര്യങ്ങളടക്കം വിശദമായി അന്വേഷിച്ച്, ഇതുപോലുള്ള കാര്യങ്ങൾ, പി.എസ്.സി.യെ വിശ്വസിച്ചു കഴിയുന്ന ലക്ഷക്കണക്കിനുള്ള ആളുകളുടെ വിശ്വാസത്തിനും ധാരണയ്ക്കും ഉലച്ചിൽ തട്ടാത്ത വിധത്തിലും ഈ തട്ടിപ്പുകൾ കണ്ടുപിടിച്ച് ജന സമക്ഷം കൊണ്ടുവരുന്നതിനുവേണ്ടിയുള്ള ശക്തമായ നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, അങ്ങ് നൽകിയ മറുപടിയിൽ പോലീസ് വെരിഫിക്കേഷൻ നടത്തുമെന്ന് പറഞ്ഞു. എന്നാൽ പല കേസിലും പോലീസ് വെരിഫിക്കേഷൻ തന്നെ നടത്തുന്നില്ല. പോലീസ് വെരിഫിക്കേഷൻ നടന്നിരുന്നെങ്കിൽ ഈ അഴിമതി ഇങ്ങനെ നടത്താൻ സാധിക്കുമായിരുന്നില്ല. എന്തുകൊണ്ടാണ് പോലീസ് വെരിഫിക്കേഷൻ നടക്കാതെ പോയത് ; അതിനുത്തരവാദികൾ ആരാണ് ; അതിനെക്കുറിച്ച് ഗവൺമെന്റ് അന്വേഷിക്കുമോ ?

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : സർ, പോലീസ് വെരിഫിക്കേഷൻ സംബന്ധിച്ചുള്ള റിപ്പോർട്ടുകൾ ഏത് രൂപത്തിലാണെന്നുള്ളത് പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. പോലീസ് വെരിഫിക്കേഷൻ നടത്തിയിട്ടുണ്ട്. കള്ളത്തരം കണ്ടുപിടിക്കാൻ ഏതെല്ലാം തരത്തിൽ ശ്രമങ്ങൾ നടത്താൻ കഴിയുമോ അതെല്ലാം നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ ഉമ്മൻ ചാണ്ടി : സർ, പോലീസ് വെരിഫിക്കേഷൻ നടത്തിയിട്ടുണ്ടെങ്കിൽ ഈ വ്യാജ നിയമനം അപ്പോൾ തന്നെ അറിയേണ്ടതാണ്. ഒന്നുകിൽ പോലീസ് വെരിഫിക്കേഷൻ നടത്തിയിട്ടില്ല, അല്ലെങ്കിൽ നടത്തിയവർ ഗുരുതരമായ വീഴ്ച വരുത്തി.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : സർ, സർക്കാർ ജീവനക്കാരുടെ നിയമനവുമായി ബന്ധപ്പെട്ട് പോലീസ് വെരിഫിക്കേഷൻ വേണ്ട എന്ന തീരുമാനം ഇതുവരെ എടുത്തിട്ടില്ല. എല്ലാ ഉദ്യോഗ നിയമനത്തിനും പോലീസ് വെരിഫിക്കേഷൻ

ഇപ്പോൾ നിലനിൽക്കുന്നുണ്ട്. ഇവിടെ ഉന്നയിച്ച ഒരു പ്രത്യേക കേസിൽ പോലീസ് വെരിഫിക്കേഷൻ സംബന്ധിച്ച് ഹാജരാക്കിയ റിപ്പോർട്ട് കള്ള റിപ്പോർട്ടാണ് എന്നാണ് തെളിഞ്ഞിരിക്കുന്നത്. അതുംകൂടി പരിഗണിച്ചു കൊണ്ടാണ് അവരുടെ പേരിൽ കുറ്റം ചുമത്തിയിട്ടുള്ളത്. പോലീസ് വെരിഫിക്കേഷൻ എന്നുപറഞ്ഞ് ഹാജരാക്കിയ റിപ്പോർട്ട് വ്യാജമാണെന്നുള്ളതാണ് പ്രശ്നം. അത് പോലീസ് കൊടുത്തതല്ല. ഇവർ തന്നെ അതും കൃത്രിമമായി ഉണ്ടാക്കിയിട്ടുള്ളതാണെന്നതാണ് ഇപ്പോൾ പരിശോധനയിൽ വ്യക്തമായി ക്കൊണ്ടിരിക്കുന്നത്.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, അങ്ങനെയാണെങ്കിൽ അത് അതീവ ഗുരുതരമായ കാര്യമാണ്. പോലീസ് അന്വേഷിക്കണ്ടേ ? ഒരാളെ നിയമിച്ചു കഴിഞ്ഞാൽ ആ ആൾ പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ടുമായിട്ടല്ല വരേണ്ടത്. അങ്ങനെയല്ല വെരിഫിക്കേഷൻ നടത്തേണ്ടത്. പോലീസ് വെരിഫിക്കേഷൻ ഡിപ്പാർട്ടുമെന്റാണ് നടത്തേണ്ടത്. അങ്ങനെ നടത്തേണ്ട റിപ്പോർട്ട് കൃത്രിമം കാട്ടിയ ആൾ തന്നെ കൊണ്ടുതന്നു, അത് അംഗീകരിച്ചു എന്നുപറഞ്ഞാൽ അത് ഞെട്ടിപ്പിക്കുന്ന കാര്യമാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, അതും കൂടി വച്ചുകൊണ്ടാണ് ഈ പ്രശ്നത്തിനകത്ത് ഉൾപ്പെട്ടവർ ക്രിമിനൽ കുറ്റങ്ങൾ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഈ കേസ് ക്രൈംബ്രാഞ്ച് അന്വേഷിച്ചുകൊണ്ടിരിക്കുന്നത്. പോലീസ് വെരിഫിക്കേഷൻ വേണ്ട എന്ന തീരുമാനം ഒരു ഘട്ടത്തിലും കൈക്കൊണ്ടിട്ടില്ല. എല്ലാ കാര്യത്തിലും പോലീസ് വെരിഫിക്കേഷൻ ഉണ്ട്. ഇതു സംബന്ധിച്ച് കൂടുതൽ കർശനമായി ഇടപെടണമെന്നുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, നിയമനം ലഭിച്ചവർ പോലീസ് റിപ്പോർട്ടുമായി വന്നു എന്നാണ് പറഞ്ഞത്. പോലീസ് വെരിഫിക്കേഷൻ നടത്തുന്നതിന്റെ സിസ്റ്റം എന്താണ് ? നിയമനം കിട്ടുന്ന ആൾ ഹാജരാക്കേണ്ട റിപ്പോർട്ടല്ല അത്. നിയമനം കിട്ടുന്ന ഡിപ്പാർട്ടുമെന്റിൽനിന്നും പോലീസിനെ അറിയിക്കണം. അങ്ങനെ അറിയിക്കുമ്പോഴാണ് പോലീസ് വെരിഫിക്കേഷൻ നടത്തേണ്ടത്. നിയമനം കിട്ടിയ ആൾ കൊണ്ടുവന്ന റിപ്പോർട്ടാണെങ്കിൽ ആ ഡിപ്പാർട്ടുമെന്റിൽ നിന്നും പോലീസിന് ഇൻഫർമേഷൻ കൊടുത്തിട്ടുണ്ടോ ; പോലീസ് അന്വേഷണം നടത്തിയിട്ടുണ്ടോ ; അത് അന്വേഷിക്കണ്ടേ ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, അതാണ് ഞാൻ പറഞ്ഞത് അവിടെ ഹാജരാക്കിയ ഇതു സംബന്ധിച്ച റിപ്പോർട്ട് കൂടി പരിശോധിച്ചുകൊണ്ടാണ് ക്രൈംബ്രാഞ്ച് അന്വേഷണം നടത്തിക്കൊണ്ടിരിക്കുന്നത്. അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് ഇത് സംബന്ധിച്ചുള്ള കാര്യങ്ങൾ വ്യക്തമാക്കാം.

ശ്രീ. പി. കൃഷ്ണപ്രസാദ് : സർ, നമ്മുടെ സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ നിയമനം സംബന്ധിച്ച് ചരിത്രത്തിൽ ഉണ്ടായിട്ടുള്ള ഏറ്റവും ഗുരുതരമായ കുറ്റകൃത്യമാണ് വയനാട്ടിലെ നിയമന തട്ടിപ്പുമായി ബന്ധപ്പെട്ട് പുറത്ത് വന്നിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് പ്രതിപക്ഷ നേതാവ് സൂചിപ്പിച്ചതുപോലെ, പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ട് ഉൾപ്പെടെ

LIBRARY ARCHIVES Kerala Legislative Assembly

കള്ളരേഖകൾ ഉണ്ടാക്കി കളക്ടറേറ്റിലെ ഉന്നത ഉദ്യോഗസ്ഥരുടെ പിൻതുണയോടു കൂടിയാണ് ഇത്ര ഗുരുതരമായ കുറ്റകൃത്യം നടന്നിട്ടുള്ളത് എന്നതിനെ സംബന്ധിച്ച് വ്യക്തമായ റിപ്പോർട്ടുണ്ട്. മാത്രമല്ല, മുഖ്യമന്ത്രി തന്നെ അദ്ദേഹത്തിന്റെ സുതാര്യ കേരളം പരിപാടിയോടനുബന്ധിച്ച് ലഭിച്ച പരാതിയിൽ, കൃഷ്ണൻകുട്ടി ചെട്ടിയാരുടെ മകൻ കണ്ണൻ പത്ത് ലക്ഷം രൂപ കൊടുത്ത് ലോവർ ഡിവിഷൻ ക്ലാർക്ക് ആയിട്ട് നിയമനം ലഭിച്ചിരിക്കുന്നു എന്ന് കളക്ടർക്ക് ഒരു പരാതി കൊടുത്തിട്ട് ആ പരാതി പോലും പരിശോധിക്കാത്ത നിരുത്തരവാദിത്വം അവിടെ സംഭവിച്ചിട്ടുണ്ട്. ഇത്ര ഗുരുതരമായ സംഭവം ഉണ്ടായിട്ട് കളക്ടറേയും എ.ഡി.എം.നെയും സസ്പെന്റ് ചെയ്ത് ശക്തമായ നടപടി എടുത്തുകൊണ്ട് ഇതു സംബന്ധിച്ച് ക്രൈംബ്രാഞ്ച് അന്വേഷണവും പോലീസ് അന്വേഷണവും വകുപ്പുതല അന്വേഷണവും നടത്താൻ തയ്യാറായ ഗവൺമെന്റിനെ അഭിനന്ദിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. എനിക്ക് ചോദിക്കാനുള്ളത്, ഈ വിഷയവുമായി ബന്ധപ്പെട്ട് നേരത്തെ സൂചിപ്പിച്ചതുപോലെ പി.എസ്.സി. ഒഴിവുകൾ അതാതു സമയത്ത് റിപ്പോർട്ട് ചെയ്യാൻ തയ്യാറാകാതിരുന്നതുകൊണ്ടുകൂടിയാണ് എട്ടു പേരുടെ ഒഴിവുകൾ പറഞ്ഞപ്പോൾ പതിനാറ് പേർ വന്നത്. അതുകൊണ്ട് ഒഴിവുകൾ കൃത്യമായി പി.എസ്.സി.യെ അറിയിക്കാനുള്ള നടപടി. എടുക്കുമോ ?

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : സർ, ഇതു സംബന്ധിച്ച് വിശദമായിട്ടുള്ള കാര്യങ്ങളെല്ലാം ഞാൻ പറഞ്ഞു കഴിഞ്ഞതാണ്. ഒന്നാമത് സുതാര്യ കേരളത്തിൽ നിന്നും കിട്ടിയ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ കളക്ടർ കാണിച്ചിട്ടുള്ള നിരുത്തരവാദത്തെ സംബന്ധിച്ചും അതുപോലെ അന്വേഷണം നടത്തിയപ്പോൾ കളക്ടറേറ്റിനെ ചുറ്റിപ്പറ്റി ഒട്ടേറെ അഴിമതികൾ നടന്നിട്ടുള്ളതിന്റേയും അടിസ്ഥാനത്തിൽ തന്നെയാണ് കളക്ടർക്കെതിരായിട്ടുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുള്ളത്. ഇതു സംബന്ധിച്ച് വിശദമായ അന്വേഷണത്തിന് നടപടി എടുത്തിട്ടുണ്ടെന്നുള്ളതിനു പുറമേ, ഇതിനു മുൻപ് ഉണ്ടായിരുന്ന സംവിധാനത്തിൽ നിന്നും വ്യത്യസ്തമായി, ഉദ്യോഗാർത്ഥികൾക്ക് ആദ്യ ശമ്പളം കിട്ടണമെന്നുണ്ടെങ്കിൽ പി.എസ്.സി. യുടെ കൂടി ഒരു വെരിഫിക്കേഷൻ വേണം എന്ന നിലയിലും ഈ ഗവൺമെന്റ് പ്രത്യേക നിർദ്ദേശം കൊടുക്കുകയും പി.എസ്.സി. അതനുസരിച്ചുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ ഫലമായി ഭാവിയിൽ ഇത്തരം തട്ടിപ്പുകൾ ഉണ്ടാകാതിരിക്കാനുള്ള ഗ്യാരന്റി ഈ ഗവൺമെന്റ് വരുത്തിയിട്ടുണ്ട്. മുൻപ് നടന്നിട്ടുള്ള കാര്യങ്ങൾ എന്തെല്ലാമാണെന്ന അന്വേഷണത്തിന്റെ റിപ്പോർട്ട് പൂർണ്ണമായി കിട്ടിക്കഴിഞ്ഞാൽ അതിന്റെ അടിസ്ഥാനത്തിൽ നടപടി കൈക്കൊള്ളും.

ശ്രീ. കെ. സി. ജോസഫ് : സർ, ഇവിടെ ഇതുവരെ കരുതിയത് നിയമന തട്ടിപ്പിന്റെ ഉത്തരവാദിത്വം റവന്യൂ വകുപ്പിനായിരുന്നു എന്നാണ്. പക്ഷേ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞതു കേട്ടാൽ റവന്യൂ വകുപ്പ് മാത്രമല്ല ആഭ്യന്തര വകുപ്പിനും ഈ തട്ടിപ്പിൽ പങ്കാളിത്തം ഉണ്ട് എന്നാണ്. നിയമനം ലഭിക്കുന്ന ഡിപ്പാർട്ടുമെന്റാണ് പോലീസ് വെരിഫിക്കേഷൻ ആവശ്യപ്പെടുന്നത് എന്ന് അങ്ങ് ഇവിടെ പറയുകയുണ്ടായി. പോലീസ്

LIBRARY ARCHIVES Kerala Legislative Assembly

വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് ഉദ്യോഗാർത്ഥികൾ ഹാജരാക്കി എന്നും അങ്ങ് പറഞ്ഞു. അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റ് ആവശ്യപ്പെടുന്ന പോലീസ് വെരിഫിക്കേഷൻ ഇപ്പോൾ നടക്കുന്നുണ്ടോ ? നടക്കുന്നില്ലെങ്കിൽ നിയമന തട്ടിപ്പിൽ ഈ റിപ്പോർട്ട് പരിഗണിച്ചിട്ടുണ്ടോ ? എങ്ങനെയാണ് ഉദ്യോഗാർത്ഥി പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ട് കൊണ്ടുവരുന്നത് ? ഏത് സാഹചര്യത്തിലാണ് വരുന്നത് ? ഉദ്യോഗാർത്ഥികളാണോ വെരിഫിക്കേഷൻ നടത്തുന്നത് ?

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : സർ, ഇതു സംബന്ധിച്ചുള്ള കാര്യങ്ങളെല്ലാം വിശദമാക്കിക്കഴിഞ്ഞു. സാധാരണ പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ട് പോലീസ് തന്നെയാണ് ഡിപ്പാർട്ടുമെന്റിനെ അറിയിക്കുന്നത്. ഈ തട്ടിപ്പുകളിൽ പലതരത്തിലുള്ള ആസൂത്രണങ്ങൾ ചെയ്തിട്ടുള്ളതിന്റെ കൂടെ ഇത്തരം ആസൂത്രണങ്ങളും അവർ ചെയ്തിട്ടുണ്ട്. അല്ലാതെ പോലീസ് റിപ്പോർട്ട് അയാൾ തന്നെ കൊണ്ടുവന്നിട്ടില്ല. പോലീസിന്റെ റിപ്പോർട്ട് പോലീസ് തന്നെ ആധികാരികമായി കൊടുക്കുകയാണ് പതിവ്. അത് നിങ്ങൾക്കെല്ലാം അറിയാവുന്ന കാര്യമാണ്. അത് ആഭ്യന്തര മന്ത്രി പ്രത്യേകം പറയണമെന്നില്ല.

മി. സ്പീക്കർ : ചോദ്യം നമ്പർ 3

ഉപഭോക്തൃ സംരക്ഷണം ഉറപ്പുവരുത്തുന്നതിന് നടപടി

3 (*3) പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് :
ശ്രീ. പി. വിശ്വൻ :
ശ്രീ. വി. ശശികുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) ഉപഭോക്തൃ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ലീഗൽ മെട്രോളജി വകുപ്പിനെ ആധുനികവത്ക്കരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) അളവുതൂക്ക കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട് പ്രതിമാസം ശരാശരി എത്ര കേസുകൾ രജിസ്റ്റർ ചെയ്യുന്നുണ്ടെന്ന വിവരം നൽകുമോ ;

(ഡി) ഉപഭോക്തൃ ബോധവത്ക്കരണത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ;

(ഇ) കൺസ്യൂമർ ഫോറങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) : സർ,

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[21-12-2010-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 2(*2)-ന്റെ ഉത്തരം കാണുക]

• പി.എസ്.സി. ബുള്ളറ്റിന്റെ എല്ലാ ലക്കങ്ങളിലും അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നു.

• എല്ലാ തസ്തികകളുടെ അപേക്ഷകളും ഉദ്യോഗാർത്ഥികൾക്ക് ഓൺലൈനായി അയയ്ക്കാനുള്ള സംവിധാനം ഏർപ്പെടുത്തി.

• പരീക്ഷയുടെ അഡ്മിഷൻ ടിക്കറ്റ് ഉദ്യോഗാർത്ഥികൾക്കു സ്വയം ഡൗൺലോഡ് ചെയ്തെടുക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തി.

• അഡ്മിഷൻ ടിക്കറ്റിലൊട്ടിക്കുന്ന ഫോട്ടോ സംബന്ധിച്ച നിർദ്ദേശങ്ങൾ പരിഷ്കരിച്ചു.

• പി.എസ്.സി. യിലെ ഉദ്യോഗസ്ഥരെ കഴിയുന്നത്ര പരീക്ഷാകേന്ദ്രങ്ങളിൽ അഡീഷണൽ ചീഫ് സൂപ്രണ്ടുമാരായി നിയമിച്ച് പരീക്ഷാ നടത്തിപ്പിൽ നേരിട്ടുള്ള മേൽനോട്ടം ഏർപ്പെടുത്താൻ നടപടി സ്വീകരിച്ചു.

• കമ്പ്യൂട്ടറൈസേഷന്റെ 3-ാം ഘട്ടം പുരോഗമിക്കുന്നു. ഇതിന്റെ ഭാഗമായി ഉദ്യോഗസ്ഥർക്ക് 6 ദിവസത്തെ IT Enabled Training C-DAC-ന്റെ മേൽനോട്ടത്തിൽ നടത്തിവരുന്നു.

• പരീക്ഷ കഴിഞ്ഞാലുടനെ ഉത്തര സൂചികകൾ പ്രസിദ്ധീകരിക്കുന്നു.

• ഉദ്യോഗാർത്ഥികളുടെയും വിദഗ്ദ്ധരുടെയും ആക്ഷേപാഭിപ്രായങ്ങൾ സ്വീകരിച്ച് പരിശോധന നടത്തിയശേഷം അന്തിമ ഉത്തര സൂചിക പ്രസിദ്ധീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ മൂല്യനിർണ്ണയം നടത്തുകയും ചെയ്യുന്നു.

• അപേക്ഷകർക്ക് തങ്ങളുടെ ഒ.എം.ആർ. ഉത്തര പത്രിക നിശ്ചിത ഫീസടച്ച് പകർപ്പ് നേടാവുന്നതാണ്.

• നിയമന പ്രക്രിയയിലെ കാലതാമസം ഗണ്യമായി കുറയ്ക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തി.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II

[21-12-2010-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 2(*2)-ന്റെ ഉത്തരം കാണുക]

• ഹാൾ ടിക്കറ്റുകൾ വെബ്സൈറ്റിൽ ഡൗൺലോഡ് ചെയ്യുന്നതിന് സജ്ജമായാൽ ആ വിവരം മൊബൈൽ നമ്പർ ലഭ്യമാക്കിയിട്ടുള്ള ഉദ്യോഗാർത്ഥികളെ SMS മുഖേന അറിയിക്കാൻ തീരുമാനിച്ചു.

• വിജ്ഞാപനത്തോടൊപ്പം തന്നെ പരീക്ഷാ കലണ്ടർ കൂടി ഉൾപ്പെടുത്തുവാനുള്ള നടപടികൾ ആരംഭിച്ചു.

• റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുമ്പോൾ ഉദ്യോഗാർത്ഥികൾക്ക് പരീക്ഷാ, ഇന്റർവ്യൂ എന്നിവയ്ക്കു ലഭിച്ച മാർക്കു കൂടി പ്രസിദ്ധീകരിക്കുന്നു.

• ഫോട്ടോ പതിച്ച് ഒപ്പിട്ട തിരിച്ചറിയൽ പത്രികയും അതിന്റെ പകർപ്പും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളെ മാത്രമേ പരീക്ഷ, ഇന്റർവ്യൂ, പ്രായോഗിക പരീക്ഷ, കായികക്ഷമതാ പരീക്ഷ, അസ്സൽ പ്രമാണ പരിശോധന എന്നിവയ്ക്ക് പ്രവേശിപ്പിക്കുകയുള്ളൂ.

• Electronic gadgets പരീക്ഷ നടക്കുന്ന ക്യാമ്പസ്സുകളിൽ കർശനമായി നിരോധിച്ചു.

LIBRARY ARCHIVES Kerala Legislative Assembly